(ഡി) ഒൻപതാം പദ്ധതിക്കാലത്ത് ദേശീയതലത്തിൽ 6.5 ശതമാനം വളർച്ചാനിരക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 1997-98-ൽ വളർച്ചാനിരക്ക് 5 ശതമാനമായിരുന്നു. (1998-99-ലേതു ലഭ്യമായിട്ടില്ല).

വിദേശ സഹായം

6(6) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന് വിദേശരാജ്യങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ ; എങ്കിൽ എവിടെ നിന്നെല്ലാം ഏതൊക്കെ പദ്ധതികൾക്കാണ് സാമ്പത്തിക സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിദേശസഹായം ലഭിക്കുന്നുണ്ട് ; ഏതൊക്കെ പദ്ധതികൾക്ക് എന്ന് വിശദീകരിക്കാമോ ;

(സി) വിദേശ സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഏതൊക്കെ രാജ്യങ്ങളുമായും ഏജൻസികളുമായും ഇപ്പോൾ ചർച്ച നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം സഹായം വാങ്ങുന്നതിനുള്ള സർക്കാരിന്റെ നിബന്ധനകളും നടപടി ക്രമങ്ങളും എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

എം. പി. ഫണ്ട് വിനിയോഗം

7(7) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എം. പി. ഫണ്ട് വിനിയോഗം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിൽ എം. പി. ഫണ്ട് വിനിയോഗം ഇപ്പോൾ എത്ര ശതമാനമാണ് ;

(ഡി) കേരളത്തിലെ എം.പി.മാർ പ്രാദേശിക വികസന ഫണ്ടിൽ നിന്നും വളരെ കുറച്ചു മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ എന്ന് കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെടണമെന്ന് കാണിച്ചുകൊണ്ട് കേന്ദ്രമന്ത്രി മുഖ്യമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly